# യേശുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരം

ഉയർത്തെഴുന്നേല്പിനു ചുറ്റും ധാരാളം മർമ്മങ്ങളുണ്ട്. അവയിൽ ഒരു ചെറിയ മർമ്മമാണ് യേശുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരത്തിന്റെ സ്വഭാവം.

ആദ്യമായി, അത് ഒരു ശരീരമായിരുന്നു എന്ന് നാം മനസിലാക്കണം. ഉയർത്തെഴുന്നേറ്റ കർത്താവ് ഒരു മിഥ്യവൃത്താന്തമായിരുന്നില്ല എന്ന് നാം മനസിലാക്കണമെന്ന് അപ്പൊസ്തലന്മാർ ആഗ്രഹിച്ചു. അവർ ഒരു സ്വപ്നമോ അല്ലെങ്കിൽ ദർശനമോ കാണുകയായിരുന്നില്ല. അവർ ഒരു ഭൂതത്തെയോ അല്ലെങ്കിൽ ആത്മാവിനെയോ അല്ല കണ്ടത്. ഉയർത്തെഴുന്നേറ്റ യേശു കാണാവുന്ന ഒരു ശരീരത്തോടുകൂടിയായിരുന്നു (യോഹന്നാൻ 20:14, 20; പ്രവൃത്തികൾ 10:40). "അസ്ഥിയും മാംസവുമുള്ള" ഒരു ശരീരം അവനുണ്ടായിരുന്നു (ലൂക്കൊസ് 24:39). ഭൂമിയിൽ നടക്കാവുന്ന ഒരു ശരീരമായിരുന്നു അവനുണ്ടായിരുന്നത് (ലൂക്കൊസ് 24:15), അവനെ തൊടുവാനും കഴിഞ്ഞിരുന്നു (മത്തായി 28:9; ലൂക്കൊസ് 24:39). അവനു സംസാരിക്കുവാൻ കഴിയുന്ന ഒരു ശരീരമുണ്ടായിരുന്നു (ലൂക്കൊസ് 24:17). ആഹാരം കഴിക്കുന്നതുമായിരുന്നു (ലൂക്കൊസ് 24:41–43; പ്രവൃത്തികൾ 10:41). ക്രൂശിൽവെച്ച് തന്റെ അഗ്നിപരീക്ഷയിലേറ്റ മുറിവുകളുള്ള ശരീരമായിരുന്നു അവന്റേത് (യോഹന്നാൻ 20:20, 25, 27).

അതേ സമയം, അത് ഒരു *അസാധാരണ* ശരീരമായിരുന്നു. അപ്പൊസ്തലന്മാർ ഭയന്ന് കതകടച്ച് ഒളിച്ചിരിക്കുമ്പോൾ, യേശു പെട്ടെന്ന് "അവരുടെ മദ്ധ്യത്തിൽ" പ്രത്യക്ഷനായി (യോഹന്നാൻ 20:19, 26). ഉറപ്പുള്ള മരത്തിൽകൂടെ നടക്കുവാൻ കഴിവുള്ള ശരീരമായിരുന്നു അവന്റേത് എന്ന് സൂചന.[1] ഹോമർ ഹെയ്ലി എഴുതി,

> [യോഹന്നാൻ 20:19, 26 ] ലെ അടെച്ച എന്ന വാക്ക് ലഭിച്ചത് *ക്ലെയോ* എന്ന ഗ്രീക്ക് വാക്കിൽനിന്നാണ്, അർത്ഥം, "അടക്കുക, പൂട്ടുക, കുറ്റിയിടുക" എന്നാണ് (ആർട് ആന്റ് ജിൻജ്റിച്ച്[2]). പുതിയനിയമത്തിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് മറ്റാർക്കും തുറക്കുവാൻ കഴിയാത്ത വിധത്തിൽ അടെക്കുന്ന അർത്ഥത്തിലാണ്, അതുകൊണ്ട് പൂട്ടുകയോ, കുറ്റിയിടുകയോ ചെയ്തിരിക്കാം (മത്തായി 25:10; ലൂക്കൊസ് 11:7; പ്രവൃത്തികൾ 21:30; വെളിപ്പാട് 3:7, 8; 20:3; 21:25). അവൻ ഒരു വാതിലൂടെ കടന്നില്ലെങ്കിലും, യേശു പെട്ടെന്ന് അവരുടെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടു എന്ന് സൂചിപ്പിക്കുന്നു.[3]

ക്ലെയോപാവും തന്റെ സ്നേഹിതനും യേശുവിനെ തിരിച്ചറിഞ്ഞ ഉടനെ "അവൻ അവരുടെ കാഴ്ച്ചക്കു മറഞ്ഞു" (ലൂക്കൊസ് 24:31). ജോൺ എഫ്. കാർട്ടർ എഴുതി, "അവന്റെ ഉയർപ്പിനു ശേഷം, അവന്റെ മരണത്തിന് മുൻപുണ്ടായിരുന്ന ശരീരത്തിന് ചെയ്യുവാൻ കഴിയാത്ത പലതും ചെയ്യുവാൻ പിന്നീടുള്ള ശരീരത്തിനു കഴിഞ്ഞു."[4] നൽകിയ ഉദാഹരണങ്ങൾക്ക് പുറമെ കാർട്ടർ കൂട്ടിച്ചേർത്തു, "അവൻ വ്യക്തികൾക്ക് അല്ലെങ്കിൽ കൂട്ടത്തിന് പ്രത്യക്ഷമാ

യതു ചുരുങ്ങിയസമയത്തേക്കാണ്, ദിവസങ്ങളോളം മറഞ്ഞിരുന്ന ശേഷ മാണ് വീണ്ടും അവൻ പ്രത്യക്ഷമാകുന്നത് എന്നതായിരുന്നു പതിവ്."[5]

കാഴ്ച്ചയിൽ അവന്റെ ശരീരം വ്യത്യസ്തമായിരിക്കുകയോ അല്ലെങ്കിൽ തന്റെ ഉദ്ദേശ നിവർത്തിക്കായി അവന്റെ ശരീരത്തിനു മാറ്റം വരുത്തുവാനോ അവന് കഴിഞ്ഞിരുന്നു.[6] മർക്കൊസ് 16:12 അനുസരിച്ച്, "എമ്മവുസിലേക്കുള്ള യാത്രയിലായിരുന്ന രണ്ടു പുരുഷന്മാർക്ക് അവൻ വേറൊരു രൂപത്തിൽ പ്രത്യ ക്ഷനായി." ചില തർജിമകളിൽ "ഇൻ അനതർ ഫോം" എന്നാണ് (ആർ എസ്‌വി). "അവൻ മുമ്പിലത്തെപോലെ അല്ല കാണപ്പെട്ടത്" എന്നാണ് ന്യൂ സെഞ്ചുറി വെർഷനിൽ. "അവൻ പ്രത്യക്ഷതയിൽ മാറ്റം വരുത്തി" എന്നാണ് ന്യൂ ലിവിങ്ങ് ട്രാൻസിലേഷനിൽ. എങ്ങനെയായാലും, യേശുവിന്റെ മരണ ത്തിന് മുമ്പ് അവനെ കണ്ടിട്ടുള്ളവർ ഉയർപ്പിനുശേഷം അവനെ കണ്ടപ്പോൾ തിരിച്ചറിഞ്ഞിരുന്നില്ല (ലൂക്കൊസ് 24:16; യോഹന്നാൻ 20:14).

"സ്ത്രീ പുരുഷന്മാർ ഈ ജീവിതത്തിൽ പരിമിതിയുള്ളവരാണെങ്കിൽ [ഉയർത്തെഴുന്നേറ്റ ശരീരത്തിൽ ക്രിസ്തു] പരിമിതിയില്ലാത്തവനാകുന്നു - മരണത്തിന് മുൻപ്, അവൻ അങ്ങനെ തന്നെ ആയിരുന്നു"[7] എന്ന് കാർട്ടർ തീർച്ചപ്പെടുത്തി. റോബർട്ട് കൾവർ എഴുതി, "അവന്റെ ശരീരം *അവസാ നത്തെ സൂചിപ്പിക്കുന്നതായി.*[8] അതായത് തേജസ്ക്കരിക്കപ്പെട്ട ശരീരം."[9] കൾവറിന്റെ വാക്ക് വന്നത് ഫിലിപ്പിയർ 3:21 ൽനിന്നാകാം, അവിടെ പറയു ന്നത് "അവന്റെ മഹത്വമുള്ള ശരീരം" എന്നാണ്. പൗലൊസ് പറഞ്ഞ ആത്മിയ ശരീരത്തെയാണ് ["ക്രിസ്തുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരത്തിന്റെ] ശക്തി യേയും സ്വഭാവത്തെയും വ്യക്തമാക്കുന്നത്" (1 കൊരിന്ത്യർ 15:44).[10]

നമുക്ക് ഉയർത്തെഴുന്നേല്പിന്ശേഷം ലഭിക്കുവാനിരിക്കുന്ന ആത്മിയ ശരീ രങ്ങൾക്ക് ഉയർത്തെഴുന്നേറ്റ യേശുവിന്റെ ശരീരവും തമ്മിൽ അടുത്ത ബന്ധ മുണ്ട്. പൗലൊസ് ആത്മിയശരീരത്തെ കുറിച്ചു പഠിപ്പിക്കുന്നതിന്റെ ചുരുക്കം ഇതാ: നാം എല്ലാവരും ഉയർത്തെഴുന്നേൽക്കുമ്പോൾ ശരീരമില്ലാത്ത ആത്മാ ക്കളായിരിക്കയില്ല, പുതിയ ശരീരത്തോടുകൂടിയവരായിരിക്കും (2 കൊരിന്ത്യർ 4:16–5:4).[11] പുനരുത്ഥാന ശരീരത്തെ കുറിച്ച് പൗലൊസ് 1 കൊരിന്ത്യർ 15-ൽ വിവരിക്കുന്നുണ്ട് (വാക്യം 35 നോക്കുക). പുതിയ "ആത്മിയ" ശരീരം ചില രീതിയിൽ പഴയ "പ്രാകൃത" ശരീരം പോലെ ആയിരിക്കും (വാക്യങ്ങൾ 38–41). വിത്തു വിതെക്കുന്ന ഉപമയാൽ, പൗലൊസ് എഴുതി,

> മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നെ, ദ്രവത്വത്തിൽ വിതെക്കപ്പെ ടുന്നു, അദ്രവത്വത്തിൽ ഉയിർക്കുന്നു. അപമാനത്തിൽ വിതെക്കപ്പെടുന്നു, തേജസിൽ ഉയർക്കുന്നു. ബലഹീനതയിൽ വിതെക്കപ്പെടുന്നു, ശക്തിയിൽ ഉയിർക്കുന്നു. പ്രാകൃതശരീരം വിതെക്കപ്പെടുന്നു, ആത്മികശരീരം ഉയിർക്കു ന്നു. പ്രാകൃതശരീരം ഉണ്ടെങ്കിൽ ആത്മിക ശരീരവുമുണ്ട് (വാക്യങ്ങൾ 42–44).

ക്രിസ്തു വീണ്ടും വരുമ്പോൾ, നമ്മുടെ ശരീരങ്ങൾ "മാറ്റപ്പെടും," മരി ച്ചാലും ശരി, ജീവനോടെ ഇരുന്നാലും ശരി (വാക്യങ്ങൾ 51–54). അപ്പോ ഴാണ് നിങ്ങൾക്കും എനിക്കും ഉയർത്തെഴുന്നേറ്റ ശരീരം ലഭിക്കുന്നത്.

നമുക്ക് ലഭിക്കുവാൻ പോകുന്ന ആത്മിയ ശരീരങ്ങളും യേശുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരവും തമ്മിലുള്ള ബന്ധം മനസിലാക്കുവാൻ പ്രയാ സമില്ല - എന്നാൽ സ്പഷ്ടമായ ഒരു വ്യത്യാസം നാം അറിയണം. ഉയർത്തെ

ഴുന്നേറ്റ തന്റെ ശരീരത്തിന് അസ്ഥിയും മാംസവുമുണ്ടെന്ന് യേശു പറഞ്ഞിരുന്നു (ലൂക്കൊസ് 24:39). എന്നാൽ പൗലൊസ് എഴുതി, "മാംസരക്തങ്ങൾക്ക് ദൈവരാജ്യം അവകാശമാക്കുവാൻ കഴിയുകയില്ല" (1 കൊരിന്ത്യർ 15:50). "അസ്ഥിയും മാംസവും" എന്ന് യേശു പറഞ്ഞപ്പോൾ, ശരിക്കും "ശരീരം" തന്നെയാണെന്നാണ് യേശു സൂചിപ്പിച്ചത്.[12] അവൻ അവസാനം സ്വീകരിക്കുവാനിരിക്കുന്ന തേജസ്ക്കരിക്കപ്പെട്ട ശരീരത്തിന്റെ ഒരു ദത്തെടുത്ത ഭാഗമായിരിക്കാം അവൻ നാല്പതു നാൾ ഉപയോഗിച്ച ശരീരം - അത് സ്വർഗാരോഹണത്തിനു മുൻപ് ശിഷ്യന്മാരെ സന്ദർശിക്കുന്നതിനും അവരെ ഒരുക്കേണ്ടതിനും ഉപയോഗിച്ചു. അങ്ങനെയാണെങ്കിൽ, അവൻ പിതാവിന്റെ അടുക്കലേക്ക് സ്വർഗാരോഹണം ചെയ്തപ്പോഴായിരിക്കാം അവൻ മുഴുവനായും തേജസ്ക്കരിക്കപ്പെട്ടത്.[13]

ഇത്രയും പറഞ്ഞതിൽനിന്ന്, യേശുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരത്തെ കുറിച്ച് നമുക്ക് എന്തറിയാം? അത് ഒരു അസാധാരണ ശരീരമായിരുന്നു, പക്ഷെ അത് *വാസ്തവത്തിലുള്ള* ശരീരമായിരുന്നു. അവൻ മരിച്ചവരിൽ നിന്ന് *വാസ്തവത്തിൽ* ഉയർത്തെഴുന്നേറ്റു എന്നു വിശ്വാസത്താൽ നാം അറിയുന്നു. അതാണ് മുഖ്യം.

---

കുറിപ്പുകൾ

[1]യേശു വാതിൽക്കൽ മുട്ടുകയും ആരെങ്കിലും വന്ന് തുറക്കുകയും ചെയ്തിരിക്കാമെന്നാണ് ചിലർ വിശ്വസിക്കുന്നത്. അത്തരം പ്രവേശനമാണ് നടന്നതെങ്കിൽ ലൂക്കൊസ് 24:36, 37 ലെ പ്രതികരണം ഉണ്ടാവുകയില്ല. [2]ഹെയ്ലി സൂചിപ്പിച്ചത് വാൾട്ടർ ബാവറിന്റെ *എ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അതർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 2 ാം. എഡി., റെവ. വില്യം. എഫ്. ആർമ്ട് ആന്റ് എഫ്. വിൽബർ ജിൻജ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 1957]. [3]ഹോമർ ഹെയ്ലി, *ദാറ്റ് യു മേ ബിലീവ്:* സ്റ്റഡീസ് ഇൻ ദ ഗോസ്പെൽ ഓഫ് *ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 145. [4]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, *ഏ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷ്വിലേ: ബ്രോഡ്മാൻ പ്രസ്, 1961), 341. [5]ഇബിഡ്. [6]ചിലപ്പോൾ, മറുരൂപമലയിലെന്നപോലെ, ദൈവികത്വം "കാണിച്ചിട്ടുണ്ട്"? [7]കാർട്ടർ, 341. [8]"എസ്കാറ്റോളജി" "ദ സ്റ്റഡി (*ലോഗോസ്*) ഓഫ് ദ ലാസ്റ്റ് (*എസ്കാറ്റോസ്*) തിങ്ങ്സ്" (അതായത്, ദ സ്റ്റഡി ഓഫ് ദ എന്റ് ഓഫ് ദ വേൾഡ്, ന്യായവിധി, സ്വർഗവും നരകവും, ഭൂമി). അവസാനിപ്പിക്കുന്ന വാക്കായ "എസ്ക്കളോജിക്കൽ" അർത്ഥം "പെർടെയ്നിങ്ങു ടു" എന്നാണ്. ക്രിസ്തു വീണ്ടും വരുമ്പോൾ അവസാനം നമുക്ക് ലഭിക്കുന്ന ശരീരങ്ങളാണ് "എസ്ക്കളോജിക്കൽ ബോഡീസ്." [9]റോബർട്ട് ഡങ്കൻ കൾവർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 267. [10]കാർട്ടർ, 341.

[11]ആത്മാവും ആത്മിയശരീരവും തമ്മിലുള്ള വ്യത്യാസം എനിക്ക് അറിയില്ല, എന്നാൽ നമ്മുടെ ആത്മാക്കൾക്ക് നിത്യ ലക്ഷ്യപ്രാപ്തിയിലെത്തുവാനും പൂർണ്ണമായ പ്രവർത്തനം നിവർത്തിപ്പാൻ ശരീരങ്ങളെ ധരിക്കേണ്ടതായിട്ടുണ്ട്. [12]ലൂക്കൊസ് 24:39 സമാന്തരപദപ്രയോഗം നടത്തി ലിവിങ്ങ് ബൈബിളിൽ പറയുന്നത് "... ഞാൻ ഭൂതമാണോ എന്ന് എന്നെ തൊട്ടുനോക്കുക! നിങ്ങൾ എന്നിൽ കാണുന്നതുപോലെ ഭൂതങ്ങൾക്ക് ശരീരങ്ങളില്ല!" [13]സ്വർഗാരോഹണത്തെ കുറിച്ച് കൂടുതൽ അറിയുവാൻ, ഈ പുസ്തകത്തിൽ അവസാനം വരുന്ന "ഗുഡ്ബൈയും - ഹെലോയും" "തേജസിൽ എടുക്കപ്പെട്ടു" എന്നതും നോക്കുക.